# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2386** **18.2.2016- ലെ മറുപടിക്ക്**

## സ്വാശ്രയ മെഡിക്കൽ കോളേജ് പ്രവേശനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>പ്രൊഫസർ സി. രവീന്ദ്രനാഥ്<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) എൻട്രൻസ് കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് വ്യത്യസ്ത സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്ക് പ്രവേശനം ലഭിക്കുന്നവർ ഒരേതരത്തിലുള്ള ഫീസാണോ നൽകേണ്ടത്; അല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ; കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) എൻട്രൻസ് കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് വ്യത്യസ്ത സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്ക് പ്രവേശനം ലഭിക്കുന്നവർ ഒരേതരത്തിലുള്ള ഫീസല്ല നൽകേണ്ടത്. അതാത് കോളേജ് മാനേജ്മെന്റുകളും സർക്കാരും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെടുന്ന ഫീസാണ് നൽകേണ്ടത്. ക്രിസ്ത്യൻ മാനേജ്മെന്റുകൾ സർക്കാരുമായി ഏർപ്പെട്ട കരാറിൽ ഫീസ് ഘടനയിൽ വ്യത്യാസമുണ്ട്. മറ്റ് വ്യവസ്ഥകൾ എല്ലാം ഒരു പോലെയാണ്. നിർധനരായ വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം സ്കോളർഷിപ്പിലൂടെ നൽകും എന്ന ഉറപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് മറ്റ് സ്വാശ്രയ കോളേജുകളിൽ നിന്നും വിഭിന്നമായി ന്യൂനപക്ഷ പദവിയുള്ള ക്രിസ്ത്യൻ മാനേജുമെന്റുകൾക്ക് ഏകീകൃത ഫീസ് വ്യവസ്ഥ അനുവദിച്ചിട്ടുള്ളത്. ക്രിസ്ത്യൻ മാനേജ്മെന്റുകളുമായി ഒപ്പുവച്ച കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

(ബി) എൻട്രൻസ് കമ്മീഷണറുടെ ലിസ്റ്റിൽ നിന്ന് പ്രവേശനം നടത്തുന്ന കോളേജു കൾ മാനേജ്മെന്റ് സീറ്റുകളി ലേയ്ക്ക് പ്രവേശനം നടത്തുന്ന രീതി വിശദമാക്കാമോ; ഇത്തരം കോളേജു കളിൽ ന്യൂനപക്ഷ പദവിയുള്ളവ മെറിറ്റ് സീറ്റുകളായി നീക്കിവച്ചിട്ടുള്ള അമ്പതു ശതമാനം സീറ്റുകളിൽ കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം നടത്തുന്നത് കരാർ പ്രകാരമാമേണാ; അതിന്റെ മാനദണ്ഡവും പ്രവേശന രീതിയും വ്യക്തമാക്കാമോ;

(ബി) ന്യൂനപക്ഷ പദവിയുള്ള കോളേജുകളിൽ സർക്കാരിന് ലഭ്യമായ 50% സീറ്റുകളുടെ 30% സീറ്റുകളിൽ കമ്മ്യൂണിറ്റി ക്വാട്ടയായി കരാർ പ്രകാരം പ്രവേശനം നടത്തുന്നുണ്ട്. പ്രസ്തുത സീറ്റുകളിൽ അതാതു മാനേജുമെന്റുകൾ പ്രതിനിധാനം ചെയ്യുന്ന സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് റാങ്കിന്റെ അടിസ്ഥാനത്തിലാണ് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നത്.

(സി) കരാറിലേർപ്പെടാത്ത കോളേജുകൾക്ക് നൽകിവരുന്ന സൗകര്യങ്ങൾ പിൻവലി ക്കുമോ;

(സി) പിൻവലിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ പ്രവർത്തനം നിഷ്ഫലമാക്കാൻ കാരണ മെന്തെന്ന് അറിയിക്കുമോ?

(ഡി) അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി കാര്യക്ഷമമായി തന്നെയാണ് പ്രവർത്തി ക്കുന്നത്. 2015-2016 വർഷത്തെ സ്വാശ്രയ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് സ്വാശ്രയ കോളേജുകൾ സ്വീകരിക്കേണ്ട രീതികളെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചി ട്ടുണ്ട്. പ്രസ്തുത കോളേജിൽ അപ്രകാര മാണോ പ്രവേശനം നടന്നതെന്ന് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയാണ് പരിശോധിക്കുന്നത്. ഏതെങ്കിലും കോളേജ് അമിതമായി ഫീസ് ഈടാക്കിയതായി പരാതി ലഭിക്കുമ്പോഴൊക്കെ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി നിയമാനുസരണം നടപടി എടുത്ത് ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ